പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 5385 23.05.2017-ലെ മറുപടിക്ക്

## കെ.എസ്.ആർ.ടി.സി. യുടെ ടിക്കറ്റിതര വരുമാനം

ചോദ്യം
ശ്രീ. പി.സി. ജോർജ്

ഉത്തരം
ശ്രീ. തോമസ് ചാണ്ടി
(ഗതാഗത വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | ടിക്കറ്റിതര വരുമാനം കെ.എസ്.ആർ.ടി.സി. യ്ക്ക് നഷ്ടമാണ് എന്നുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | ടിക്കറ്റിതര വരുമാനം നിലവിൽ കെ.എസ്.ആർ.ടി.സി.യ്ക്ക് നഷ്ടമല്ല. കെ.എസ്.ആർ.ടി.സി. സ്വന്തം നിലയിൽ നിർമ്മിച്ച് പണി പൂർത്തീകരിച്ച വാണിജ്യ സമുച്ചയങ്ങൾ ഒരു പരിധി വരെ എല്ലാത്തിനും ലൈസൻസിയെ കണ്ടെത്താൻ കഴിഞ്ഞിട്ടുണ്ട്. ശേഷിക്കുന്ന കടമുറികൾക്ക് ലൈസൻസികളെ കണ്ടെത്തുന്നതിനുള്ള ടെണ്ടർ നടപടികൾ യഥാക്രമം നടത്തി വരുന്നു.<br>ടിക്കറ്റേതര വരുമാനത്തിൽ സ്ക്രാപ്പ് ബസ്സുകൾ, സ്ക്രാപ്പ് മെറ്റീരിയൽസ്, സ്ക്രാപ്പ് ബാറ്ററി, സ്ക്രാപ്പ് ടയറുകൾ, വേസ്റ്റ് ഓയിൽ എന്നിവയുടെ വിൽപ്പനയിലൂടെ ലഭിക്കുന്ന വരുമാനം ഉൾപ്പെടുന്നു. 01.04.2016 മുതൽ 31.03.2017 വരെ സ്ക്രാപ്പ് സാധനങ്ങൾ ലേലം ചെയ്ത വകയിൽ 6,48,47,166/- രൂപ ലഭ്യമായിട്ടുണ്ട്. കെ. എസ്. ആർ. ടി. സിയുടെ ഉടമസ്ഥതയിലുള്ള സ്ഥലങ്ങളിലെ മരങ്ങളിൽ നിന്നുള്ള കായ് ഫലങ്ങൾ പൊതു ലേലം ചെയ്തതിൽ നിന്ന് 01.04.2016 മുതൽ 31.03.2017 വരെ ആകെ 1,97,993/- രൂപ ലഭിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ബി) | കെ.റ്റി.ഡി.എഫ്.സി. -യുടെ സഹകരണത്തോടെ ബി.ഒ.ടി അടിസ്ഥാനത്തിൽ കേരളത്തിൽ എവിടെയൊക്കെ വാണിജ്യസമുച്ചയങ്ങൾ നിർമ്മിച്ചിട്ടുണ്ട്;വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;ജില്ല തിരിച്ച് പേരു സഹിതം വെളിപ്പെടുത്തുമോ; | (ബി) | കെ.റ്റി.ഡി.എഫ്.സി.-യുടെ സഹകരണത്തോടെ ബി.ഒ.ടി. അടിസ്ഥാനത്തിൽ കേരളത്തിൽ തിരുവനന്തപുരം ജില്ലയിൽ തമ്പാനൂർ, കോട്ടയം ജില്ലയിൽ തിരുവല്ല, എറണാകുളം ജില്ലയിൽ അങ്കമാലി, കോഴിക്കോട് ജില്ലയിൽ കോഴിക്കോട് എന്നി കെ.എസ്.ആർ.ടി.സി യൂണിറ്റുകളിൽ വ്യാപാര സമുച്ചയങ്ങൾ പണിതിട്ടുണ്ട്. |
| (സി) | ഈ സമുച്ചയങ്ങളിലെ മുറികൾ എല്ലാം വാടകയ്ക്ക് പോയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ; | (സി) | ഈ സമുച്ചയങ്ങളിൽ കോഴിക്കോട് ഒഴികെ മറ്റെല്ലായിടങ്ങളിലും കടമുറികൾ ഭാഗീകമായി വാടകയ്ക്ക് നൽകിയിട്ടുണ്ട്. |
| (ഡി) | ബസുകളിൽ കുറിയർ നടത്തിപ്പ് പദ്ധതി നടപ്പിലാക്കിയിട്ടുള്ളത് ലാഭമാണോ നഷ്ടമാണോ;വിശദാംശം വെളിപ്പെടുത്തുമോ; | (ഡി) | പ്രതിമാസ 2,00,000/- (രണ്ട് ലക്ഷം) രൂപ ലൈസൻസ് ഫീസായി കെ.എസ്.ആർ.ടി.സി.യ്ക്ക് കരാർ ഏറ്റെടുത്തിട്ടുള്ള ഏജൻസി നൽകി വരുന്നു. കൂടാതെ കമ്പനിയുടെ ലാഭം വർദ്ധിക്കുന്നതനുസരിച്ച് ലാഭവിഹിതം കെ.എസ്.ആർ.ടി.സിയ്ക്ക് ലഭിക്കുന്നു. |

**സെക്ഷൻ ഓഫീസർ**